LIBRARY ARCHIVES Kerala Legislative Assembly

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

41 (2315) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത സി.എച്ച്.സി, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.

42 (2316) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. നിലവിലില്ലാത്തത് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) മാവൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യസ്ഥാപനമായ ചെറുപ്പ എം.സി.എച്ച് യൂണിറ്റിനെ 6-11-2008 ലെ സ.ഉ.(എം.എസ്) നം. 568/2008/ആ.കു.വ. പ്രകാരം 24x7 പി.എച്ച്.സി.-യായി ഉയർത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിലുള്ള താഴെപ്പറയുന്ന ഫീൽഡ് വിഭാഗം ജീവനക്കാരാണ് പ്രവർത്തിക്കുന്നത്.

1. ഹെൽത്ത് സൂപ്പർവൈസർ - 1
2. ഹെൽത്ത് ഇൻസ്പെക്ടർ - 2
3. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - 2
4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I - 4
5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II - 4
6. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -12

മേൽപ്പറഞ്ഞ ഫീൽഡ് വിഭാഗം ജീവനക്കാരാണ് മാവൂർ, പെരുവയൽ, പെരുമണ്ണ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കുന്നത്. ആയതിനാൽ മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ഇല്ലാത്തതുകൊണ്ട് ഫീൽഡ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല.

സ്റ്റാഫ് നഴ്സ് തസ്തികകൾ

43 (2317) ശ്രീ. എസ്. ശർമ്മ .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിലേക്ക് പ്രമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവിറങ്ങിയതെന്നും എത്ര പേർക്ക് പ്രമോഷൻ നൽകിയെന്നും വ്യക്തമാക്കാമോ;

(സി) പ്രമോഷൻ ലഭിച്ചവരെ എറണാകുളം ജില്ലയിൽ തന്നെ തുടരുന്നതിന് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിൽ ഇത്തരത്തിൽ തുടരാൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രമോഷൻ ലഭിച്ചവരെ ഇതര ജില്ലകളിൽ നിയമിക്കാത്തതുമൂലം വർഷങ്ങളായി അന്യ ജില്ലകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജില്ലയിൽ നിയമനം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly